REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാജ്യത്ത് മൂന്നാമത് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പയിൻ ഇന്ന് ആരംഭിക്കും.**
- **നിതി ആയോഗിന്റെ 15 ദിവസത്തെ ജൽ ഉത്സവിന് ഇന്ന് തുടക്കം.**
- **സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പ് പ്രചാരണം അന്തിമ ഘട്ടത്തിലേക്ക്. പാലക്കാട്ട് ഹോട്ടൽ മുറികളിൽ പൊലീസ് പരിശോധന.**
- **സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു, സവിശേഷ പരിഗണന അർഹിക്കുന്നവരുടെ വിഭാഗത്തിൽ ജില്ല ഓവറോൾ ചാമ്പ്യന്മാരായി.**
- **കാലിക്കറ്റ് FC സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഫൈനലിൽ.**

## വാർത്തകൾ വിശദമായി

രാജ്യത്ത് മൂന്നാമത് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പയിൻ ഇന്ന് ആരംഭിക്കും.

കേന്ദ്ര സഹമന്ത്രി ഡോ.ജിതേന്ദ്ര സിംഗ് ന്യൂഡൽഹിയിൽ കാമ്പയിൻ ഉദ്ഘാടനം ചെയ്യും. പെൻഷൻ ആൻഡ് പെൻഷനേഴ്സ് വെൽഫെയർ വകുപ്പ് രാജ്യത്തെ 800 നഗരങ്ങളിലും ജില്ലകളിലും സംഘടിപ്പിക്കുന്ന കാമ്പയിൻ ഈ മാസം 30 വരെ തുടരും.

...ഡെസ്ക് റിപ്പോർട്ട്...

**...വോയ്സ്...**

ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റുകളുടെ നേട്ടങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, ഫെയ്സ് ഓതന്റിക്കേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ച് പെൻഷൻകാരുടെ ഡിജിറ്റൽ ശാക്തീകരണം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പയിൻ തുടങ്ങുന്നത്. ഫെയ്സ് ഓതന്റിക്കേഷൻ ടെക്നോളജി പ്രോത്സാഹിപ്പിക്കുന്നതിലാകും ക്യാമ്പയിൻ പ്രധാനമായും ശ്രദ്ധ ചെലുത്തുക.

പെൻഷൻ വിതരണം ചെയ്യുന്ന ബാങ്കുകൾ, ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക്, പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷനുകൾ, കൺട്രോളർ ജനറൽ ഓഫ് ഡിഫൻസ് അക്കൗണ്ട്സ്, ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ്, റെയിൽവേ എന്നിവയുമായി സഹകരിച്ചാണ് ക്യാമ്പയിൻ നടത്തുന്നത്.

പെൻഷൻ പ്രക്രിയ ലളിതമാക്കുക എന്ന ലക്ഷ്യത്തോടെ 2014ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി സമർപ്പിക്കുന്ന ആധാർ അധിഷ്ഠിത പദ്ധതിയായ ജീവൻ പ്രമാൻ പദ്ധതിക്ക് തുടക്കമിട്ടത്.

✪✪✪

NITI ആയോഗിന്റെ 15 ദിവസത്തെ 'ജൽ ഉത്സവിന്' ഇന്ന് തുടക്കമാകും. ജലപരിപാലനം, സംരക്ഷണം, സുസ്ഥിരത എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ ഈ മാസം 24 വരെ 20 അഭിലാഷ ജില്ലകളിലും ബ്ലോക്കുകളിലും ജൽ ഉത്സവ് സംഘടിപ്പിക്കുമെന്ന് നിതി ആയോഗ് അറിയിച്ചു. ദേശീയ ജൽ ജീവൻ മിഷൻ, കുടിവെള്ള ശുചിത്വ വകുപ്പ്, ജലശക്തി മന്ത്രാലയം തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ജൽ ഉത്സവ് സംഘടിപ്പിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പ് പ്രചാരണം അന്തിമഘട്ടത്തിലേക്ക്. വയനാട് ലോകസഭാ മണ്ഡലത്തിലും പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും പരസ്യ പ്രചാരണം അടുത്ത തിങ്കളാഴ്ച വൈകിട്ട് അവസാനിക്കാനിരിക്കെ വരും നാളുകൾ പരമാവധി പ്രയോജനപ്പെടുത്താൻ നീക്കങ്ങൾ ശക്തിപ്പെടുത്തിയിരിക്കുകയാണ് സ്ഥാനാർത്ഥികളും മുന്നണികളും.

ന്യൂസ് ഡെസ്ക് തയ്യാറാക്കിയ റിപ്പോർട്ട്

**.....വോയ്സ്....**

വയനാട് പാർലമെന്റ് മണ്ഡലം ഉപതെരഞ്ഞെടുപ്പ് ജ്വരത്തിലാണ്. പ്രചാരണരംഗത്ത് സജീവമാണ് മൂന്നു മുന്നണികളും.

LDF സ്ഥാനാർഥി സത്യൻ മൊകേരിയുടെ  പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ  രാവിലെ കൽപ്പറ്റയിലും തുടർന്ന്  മുക്കം, എടവണ്ണ എന്നിവിടങ്ങളിലും പൊതുയോഗങ്ങളിൽ പ്രസംഗിക്കും. മന്ത്രിമാരും LDFന്റെ പ്രമുഖ നേതാക്കളും ജില്ലയിൽ എത്തിയിട്ടുണ്ട്.

UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധിയുടെ തിരഞ്ഞെടുപ്പ് പ്രചരണത്തിനായി കോൺഗ്രസ് പ്രസിഡന്റ് മല്ലികാർജ്ജുൻ ഖാർഗെ നാളെ നിലമ്പൂർ ചന്തക്കുന്നിലെത്തും.

UDF സ്ഥാനാർഥി  വെള്ളി, ശനി ദിവസങ്ങളിൽ  മൂന്നാംഘട്ട പ്രചാരണം നടത്തും.

NDA സ്ഥാനാർഥി നവ്യ ഹരിദാസിന്റെ തെരഞ്ഞെടുപ്പ് പ്രചാരണം ഇന്ന് നിലമ്പുർ മണ്ഡലത്തിലാണ്. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ശനിയാഴ്ച വിവിധ കേന്ദ്രങ്ങളിൽ പ്രസംഗിക്കും.

പാലക്കാട് നിയമസഭ മണ്ഡലം ഉപതെരഞ്ഞെടുപ്പിൽ UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ സ്വകാര്യ സന്ദർശനങ്ങൾക്ക് ശേഷം ഇന്ന് ഉച്ചയ്ക്ക് ശേഷമാണ് പ്രചാരണം ആരംഭിക്കുക.വൈകീട്ട് പട്ടാണി തെരുവിലെ കുടുംബയോഗത്തിൽ KPCC പ്രസിഡന്റ് K.സുധാകരൻ പങ്കെടുക്കും.

LDF സ്ഥാനാർഥി  ഡോ പി.സരിൻ ഇന്ന് കൽപ്പാത്തി, വലിയപാടം, തച്ചങ്കാട് ,മാത്തൂർ എന്നിവിടങ്ങളിൽ വോട്ടഭ്യർത്ഥന നടത്തും.

NDA സ്ഥാനാർഥി സി. കൃഷ്ണകുമാർ മണ്ഡലത്തിലെ വിവിധ കുടുംബയോഗങ്ങളിൽ വോട്ട് തേടും. കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ, മെട്രോമാൻ ഇ.ശ്രീധരൻ തുടങ്ങിയവർ  സ്ഥാനാർത്ഥിയുടെ വിവിധ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും.

✪✪✪

ചേലക്കര മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണം  അവസാന നാളുകളിലേക്ക് നീങ്ങുമ്പോൾ മുതിർന്ന നേതാക്കളാണ് സ്ഥാനാർത്ഥികൾക്കൊപ്പം ജനങ്ങളെ നേരിട്ടു കണ്ട് വോട്ടു തേടുന്നത്.

വിശദാംശങ്ങളുമായി  തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ് ...

**....(വോയ്സ് )....**

തെരഞ്ഞെടുപ്പ് ചൂട് അവസാനഘട്ടത്തിലേക്ക് അടുക്കുമ്പോൾ സ്ഥാനാർഥികളുടെയും അണികളുടെയും ആവേശം ഏറി വരികയാണ്

എൻഡിഎ സ്ഥാനാർഥി കെ ബാലകൃഷ്ണൻന്റെ തിരഞ്ഞെടുപ്പ് പര്യടനത്തിന്റെ ഭാഗമായി  ചേലക്കര പഞ്ചായത്തിൽ കാലത്ത് 8.00 മണിക്ക് ആരംഭിക്കുന്ന പര്യടനം ഭാരതീയ ജനത യുവമോർച്ച ദേശീയ സെക്രട്ടറി P ശ്യം രാജ് ഉദ്ഘാടനം ചെയ്യും. സമാപനയോഗം പ്രകാശ് ജാവദേക്കർ ഉദ്ഘാടനം ചെയ്യും.

എൽ ഡി എഫ് സ്ഥാനാർഥി യു ആർ പ്രദീപിന്റെ തിരഞ്ഞെടുപ്പ് പരിപാടികൾ നേരിട്ട് ജനങ്ങളിലേക്ക് എത്തിച്ചേരാനുള്ള ഒരുക്കങ്ങളാണ്.

MV ഗോവിന്ദൻ മാസ്റ്റർ ഇന്ന് പര്യടന പരിപാടിയിൽ ചേലക്കരയിൽ പങ്കെടുക്കുന്നുണ്ട്. UDF സ്ഥാനാർത്ഥി  രമ്യ ഹരിദാസിന്റെ  മണ്ഡല പര്യടനം ഇന്ന് മുള്ളൂർക്കര മണ്ഡലത്തിലാണ്.

രാവിലെ മണലാടി യിൽ നിന്നാരംഭിച്ചു ആറ്റൂർ മനഃപാടിയിൽ സമാപിക്കും.

✪✪✪

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്ട് കോൺഗ്രസ് നേതാക്കൾ താമസിക്കുന്ന ഹോട്ടൽമുറികൾ പോലീസ് പരിശോധിച്ചു. പരിശോധനയ്ക്കിടെ CPIM, BJPനേതാക്കളും പ്രവർത്തകരും സ്ഥലത്തെത്തിയതോടെ സംഘർഷാവസ്ഥയുണ്ടായി.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് ..

**....(വോയ്സ് )....**

തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി ലഭിച്ചതിനെത്തുടർന്നാണ് പൊലീസ് സംഘം അർധരാത്രിയോടെ നഗര മധ്യത്തിലെ കോൺഗ്രസ് വനിതാ നേതാക്കൾ ഉൾപ്പടെ താമസിക്കുന്ന ഹോട്ടലിലെത്തിയത്. ഹോട്ടലിലെ മൂന്ന് നിലകളിലെ വിവിധ മുറികളിൽ പൊലീസ് കയറി പരിശോധിച്ചു.വനിതാ പൊലീസ് ഇല്ലാതെ പരിശോധിക്കാനാവില്ലെന്ന് വനിതാ നേതാക്കൾ നിലപാടെടുക്കുകയായിരുന്നു. ഇതിനിടെ സിപിഎം , ബിജെപി നേതാക്കളും പ്രവർത്തകരും പുറത്ത് തടിച്ച് കൂടിയതോടെ  പ്രവർത്തകർ തമ്മിൽ സംഘർഷവും കൈയാങ്കളിയുമുണ്ടാവുകയായിരുന്നു.പ്രതിഷേധങ്ങൾക്കും സംഘർഷത്തിനുമിടയിൽ വെളുപ്പിനെ മൂന്ന് മണിവരെ ഹോട്ടലിൽ പരിശോധന നീണ്ടു.അതെ സമയം  എല്ലാ രാഷ്ട്രീയ നേതാക്കളുടെ മുറികളും പരിശോധിച്ചെന്നും പരിശോധനയിൽ ഒന്നും കണ്ടെത്താനായില്ലെന്നുമാണ് പോലീസ് പറയുന്നത്.

✪✪✪

വയനാട് ഉപതെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ അനധികൃത പണക്കടത്തും മറ്റും തടയുന്നതിനായി ജില്ല അതിർത്തികളിൽ വിവിധ സ്ക്വാഡുകളുടെ നേതൃത്വത്തിൽ ശക്തമായ നിരീക്ഷണം നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് കേന്ദ്ര ചെലവ് നിരീക്ഷകൻ സീതാറാം മീണ ചെലവ് പരിശോധനാ വിഭാഗത്തിന് നിർദ്ദേശം നൽകി.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവമ്പാടി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ക്വാഡുകളുടെ പ്രവർത്തനം അദ്ദേഹം വിലയിരുത്തി.

ഒമ്പത് സ്റ്റാറ്റിക് സർവൈലൻസ് ടീം, മൂന്നു ഫ്ലയിംഗ് സ്ക്വാഡ്, നാല് ആൻറി ഡീഫെയിസ്മെന്റ് സ്ക്വാഡ്, ഒരു വീഡിയോ സർവൈലൻസ് ടീം എന്നിവയാണ് മണ്ഡലത്തിൽ പ്രവർത്തിക്കുന്നത്.

✪✪✪

47-ാമത് യു.എസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വോട്ടെണ്ണൽ തുടങ്ങി. ആദ്യ ഫലസൂചനകൾ അനുസരിച്ച് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി ഡൊണാൾഡ് ട്രംപ് മുന്നേറുന്നതായാണ് റിപ്പോർട്ടുകൾ. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ട്രംപിന് 95 ഇലക്ടറൽ വോട്ടുകളും ഡെമോക്രാറ്റിക് സ്ഥാനാർത്ഥി കമലാ ഹാരിസിന് 35 ഇലക്ടറൽ വോട്ടുകളുമാണ് ലഭിച്ചത്. ആകെ 538 ഇലക്ടറൽ വോട്ടുകളിൽ 270 എണ്ണം നേടുന്ന സ്ഥാനാർത്ഥിയാണ് വിജയിക്കുക.

ദശലക്ഷക്കണക്കിന് അമേരിക്കക്കാരാണ് തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തിയത്. ഇന്ത്യൻ സമയം ചൊവ്വാഴ്ച വൈകീട്ട് അഞ്ചരയോടെ ആരംഭിച്ച വോട്ടെടുപ്പ് അൽപം മുമ്പ് അവസാനിച്ചു.

✪✪✪

കൊച്ചിയിൽ സംസ്ഥാന സ്കൂൾ കായിക മേളയിൽ 285 മത്സരങ്ങൾ പൂർത്തിയായപ്പോൾ 702 പോയിന്റുകളുമായി തിരുവനന്തപുരം ജില്ലാ കുതിപ്പ് തുടരുന്നു. 80 സ്വർണവും, 64 വെള്ളിയും, 67 വെങ്കലവുമാണ് ജില്ല നേടിയത്.

....ഡെസ്ക് റിപ്പോർട്ട്....

**....വോയ്സ്....**

41 സ്വർണവും, 28 വെള്ളിയും, 40 വെങ്കലവുമായി 381 പോയിൻറ് നേടിയ തൃശ്ശൂരാണ് രണ്ടാം സ്ഥാനത്ത്. 42 സ്വർണവും 28 വെള്ളിയും 40 വെങ്കലവുമായി 349 പോയിൻറ് ലഭിച്ച കണ്ണൂർ മൂന്നാം സ്ഥാനത്താണ്.

നീന്തൽ കുളത്തിൽ ഇന്നലെ 6 റെക്കോർഡുകൾ പിറന്നു. ആൺകുട്ടികളുടെ സീനിയർ വിഭാഗം 100 മീറ്റർ ബാക്ക് സ്ട്രോക്കിൽ അഭിനവ് എസ് ഉം, 100 മീറ്റർ ബാക്ക് സ്ട്രോക്ക് ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ ദേവിക കെ യും, 200 മീറ്റർ ബ്രസ്റ്റ് സ്ട്രോക് പെൺകുട്ടികളുടെ വിഭാഗത്തിൽ എൻ പി സരയുവും, 200 മീറ്റർ ബ്രസ്റ്റ് സ്ട്രോക്ക് സബ് ജൂനിയർ ഗേൾസ് വിഭാഗത്തിൽ ഭാഗ്യ കൃഷ്ണയും റെക്കോർഡുകൾ കുറിച്ചു. ജൂനിയർ വിഭാഗം ആൺകുട്ടികളുടെ 50 മീറ്റർ ബട്ടർഫ്ലൈ സ്ട്രോക്കിൽ അധിദേവ് എ പ്രദീപും, ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ വിദ്യാലക്ഷ്മിയും റെക്കോർഡിന് ഉടമകളായി. സവിശേഷ പരിഗണന അർഹിക്കുന്നവരുടെ വിഭാഗത്തിൽ തിരുവനന്തപുരം ജില്ല ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. പാലക്കാട് ജില്ല രണ്ടാം സ്ഥാനവും കോഴിക്കോട് ജില്ലയ്ക്ക് മൂന്നാം സ്ഥാനവും ലഭിച്ചു.

✪✪✪

കാലിക്കറ്റ് FC സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഫൈനലിൽ പ്രവേശിച്ചു.

കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന ആദ്യ സെമിയിൽ തിരുവനന്തപുരം കൊമ്പൻസിനെ ഒന്നിനെതിരെ രണ്ടു ഗോളുകൾക്കാണ് കാലിക്കറ്റ് FC പരാജയപെടുത്തിയത്.

ഇന്ന് രണ്ടാം സെമിയിൽ കണ്ണൂർ വാരിയേഴ്സ് - ഫോഴ്സ കൊച്ചിയുമായി ഏറ്റുമുട്ടും. ഇതിലെ വിജയികളായിരിക്കും ഞായറാഴ്ച നടക്കുന്ന ഫൈനലിൽ കാലിക്കറ്റ് FCയുടെ എതിരാളികൾ.

✪✪✪

ISL ഫുട്ബോളിൽ FC ഗോവ ഇന്ന് പഞ്ചാബ് FC യെ നേരിടും. വൈകീട്ട് 7.30 ന് ഗോവയിലാണ് മത്സരം.

നിലവിൽ 12 പോയിന്റുമായി പഞ്ചാബ് മൂന്നാം സ്ഥാനത്തും 9 പോയിന്റുമായി ഗോവ ഏഴാം സ്ഥാനത്തുമാണ്.

✪✪✪

മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്ഥമായി സ്ത്രീ സുരക്ഷ, സ്ത്രീകളുടെ വിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതു വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം തുടങ്ങി മേഖലയിൽ കേരളം ഒട്ടേറെ മുന്നിലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നതെന്ന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആക്ടിംഗ് ചെയർപേഴ്സൺ വിജയ ഭാരതി സയാനി പറഞ്ഞു. കോഴിക്കോട് ജില്ല കലക്ടർ സ്നേഹിൽ കുമാർ സിംഗിന്റെ അധ്യക്ഷതയിൽ ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിന്റെ ഭാഗമായി അവരെ കായികമേഖലയിലേക്ക്

വഴിതിരിച്ചു വിടാൻ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാലാക്കേണ്ടത് അനിവാര്യമാണെന്ന് അവർ പറഞ്ഞു.

കമ്മീഷന് ജില്ലയിൽ നിന്ന് ലഭിച്ച തീർപ്പാക്കാത്തതായ അഞ്ച് പരാതികളിൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികൾ അധ്യക്ഷ വിലയിരുത്തി.

✪✪✪

കേന്ദ്ര വന്യജീവി ബോർഡിന്റെ സ്ഥിരം സമിതി നിയോഗിച്ച വിദഗ്ധ സമിതി അടുത്തമാസം 19 മുതൽ മൂന്ന് ദിവസം പെരിയാർ കടുവാ സങ്കേത്തിനകത്തെ ജനവാസ മേഖലകളായ പമ്പാവാലി, ഏയ്ഞ്ചൽവാലി പ്രദേശങ്ങളും തട്ടേക്കാട് പക്ഷി സങ്കേതത്തിനകത്തെ ജനവാസ മേഖലകളും പരിശോധിക്കും.

ഈ മേഖലകളെ സങ്കേതത്തിൽ നിന്നും ഒഴിവാക്കണമെന്ന സംസ്ഥാന വന്യജീവി ബോർഡിന്റെ ശുപാർശ പരിഗണിച്ചാണ് പരിശോധന. കഴിഞ്ഞ മാസം 5ന് ചേർന്ന സംസ്ഥാന വന്യജീവി ബോർഡ് യോഗമാണ് ജനവാസ മേഖലകൾ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര വന്യജീവി ബോർഡിന് ശുപാർശ ചെയ്യാൻ തീരുമാനിച്ചത്.

സംസ്ഥാന വന്യജീവി ബോർഡിന്റെ ശുപാർശ കേന്ദ്ര വന്യജീവി ബോർഡിന്റെ അജണ്ടയിൽ ഉൾപ്പെടുത്തി പരിഗണനയ്ക്ക് കൊണ്ടുവരാൻ സാധിച്ചു എന്നത് സംസ്ഥാന ഗവൺമെന്റിന്റെ നേട്ടമാണെന്ന് മന്ത്രി AK ശശീന്ദ്രൻ അഭിപ്രായപ്പെട്ടു. വിദഗ്ധ സമിതിയുടെ മുൻപാകെ കാര്യങ്ങൾ അവതരിപ്പിക്കാൻ ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും സാഹചര്യം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

യാത്രക്കാർക്കും ജീവനക്കാർക്കും അടിയന്തര ചികിത്സാ ആവശ്യങ്ങൾക്കായി തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എമർജൻസി മെഡിക്കൽ കെയർ യൂണിറ്റ് പ്രവർത്തനം തുടങ്ങി. മന്ത്രി KB ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്തു.

കൊട്ടാരക്കര, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, സുൽത്താൻ ബത്തേരി, കണ്ണൂർ, കാസർഗോഡ്, നെയ്യാറ്റിൻകര, നെടുമങ്ങാട്, തൃശൂർ ഡിപ്പോകളിലും എമർജൻസി മെഡിക്കൽ കെയർ യൂണിറ്റുകൾ ആരംഭിക്കുമെന്ന് മന്ത്രി അറിയിച്ചു.

തിരുവനന്തപുരം സെൻട്രൽ ബസ് സ്റ്റേഷന്റെ ഒരു കിലോമീറ്റർ ചുറ്റളവിലെ ഓട്ടോ ഡ്രൈവർമാർ, വ്യാപാരികൾ തുടങ്ങിയവർക്കും ഈ സൗകര്യം ഉപയോഗിക്കാം.

✪✪✪

സാമ്പത്തിക താൽപര്യത്തോടെ മാധ്യമ രംഗത്തേക്ക് വരവ് കൂടിയതോടെ മാധ്യമങ്ങളുടെ ഗുണനിലവാരവും സമഗ്രതയും ഇല്ലാതായതായി മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ അഭിപ്രായപ്പെട്ടു. രാജ്യത്ത് എത്ര മാധ്യമങ്ങൾ പ്രവർത്തിക്കുന്നു എന്ന കണക്കുപോലും എടുക്കാൻ സാധിക്കാത്ത അവസ്ഥയാണെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട്. 'ജന്മഭൂമി' സുവർണ്ണ ജയന്തി ആഘോഷത്തിന്റെ ഭാഗമായി നടന്ന മാധ്യമ സെമിനാറിൽ വിഷയാവതരണം നടത്തുകയായിരുന്നു അദ്ദേഹം.

മുതിർന്ന മാധ്യമപ്രവർത്തകൻ S. ഗുരുമൂർത്തി സെമിനാർ ഉദ്ഘാടനം ചെയ്തു.

✪✪✪

കൽപ്പാത്തി രഥോത്സവത്തോടനുബന്ധിച്ച് പാലക്കാട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സംഘടിപ്പിക്കുന്ന ദേശീയ സംഗീതോത്സവത്തിന് ഇന്ന് തുടക്കമാവും. ഞായറാഴ്ച വരെ കൽപ്പാത്തി ചാത്തപ്പുരം മണി അയ്യർ റോഡിൽ പുതുക്കോട് കൃഷ്ണമൂർത്തി നഗറിലാണ് സംഗീതോത്സവം നടക്കുന്നത്.

നാളെ രഥോത്സവത്തിന് കൊടിയേറും.

✪✪✪

കേന്ദ്ര ഗവൺമെന്റ് പദ്ധതികളും സേവനങ്ങളും സംബന്ധിച്ച് കേന്ദ്ര വാർത്താ വിതരണപ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കോഴിക്കോട് മേപ്പയൂരിൽ സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ പ്രദർശന - ബോധവൽക്കരണ പരിപാടി ഇന്ന് സമാപിക്കും.

സ്വയംതൊഴിൽ, സാമൂഹ്യ സുരക്ഷാ പദ്ധതികളെക്കുറിച്ചും തപാൽ വകുപ്പു വഴി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ചും യോഗയും ജീവിത ശൈലീ രോഗങ്ങളും എന്ന വിഷയത്തിലും ഇന്ന് ക്ലാസുകൾ ഉണ്ടാകും.

✪✪✪